**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 27-6-2007-ന് നൽകിയ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

## ശ്രദ്ധക്ഷണിക്കൽ

(1) അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്: സംസ്ഥാനത്തിനകത്തും പുറത്തും ആസ്ഥാനമുള്ള ചില ധനകാര്യ സ്ഥാപനങ്ങൾ സംസ്ഥാനത്താകെ നടത്തുന്ന

പണമിടപാട് നിയമാനുസൃതമാണോയെന്ന് പരിശോധിക്കണം. ഇത് സാമൂഹ്യ-സാംസ്ക്കാരിക-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന എസ്.കെ.എസ്. മൈക്രോ ഫൈനാൻസ് കമ്പനി വനിതകൾക്ക് ഈടൊന്നുമില്ലാതെ കോടിക്കണക്കിന് രൂപയുടെ വായ്പ നൽകിയിരിക്കുകയാണ്. വായ്പ നൽകിയശേഷം ആഴ്ചയിലൊരു ദിവസം വനിതകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രതിജ്ഞാപത്രത്തിൽ ഒപ്പിടുവിക്കുകയും ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള രേഖകൾ വാങ്ങി വയ്ക്കുകയും ചെയ്യുന്നു. ഒരു കൊല്ലംകൊണ്ട് വായ്പയുടെ തിരിച്ചടവ് പൂർത്തിയാകുമെങ്കിലും അഞ്ചുവർഷത്തിനുശേഷമേ രേഖകൾ തിരിച്ചു നൽകുകയുള്ളൂ. ഇതിനുപിന്നിൽ വനിതകളുടെ ശാക്തീകരണമായി മാറിയ കുടുംബശ്രീക്ക് ബദലായി ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും പരിശോധിക്കണം. ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കണം. മൈക്രോ ഫിനാൻസിംഗിൽ നിയന്ത്രണം കൊണ്ടുവരാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ധനകാര്യ വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്ത സംരംഭമുണ്ടാക്കി ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കമ്പനീസ് ആക്റ്റ്, ചിട്ടി ആക്റ്റ്, റിസർവ് ബാങ്ക് ആക്റ്റ്, മണി ലെന്റേഴ്സ് നിയമം എന്നിവ മുഖേനയാണ് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. രജിസ്ട്രേഷൻ ഇല്ലാതെയും ലൈസൻസ് എടുക്കാതെയും പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെമേൽ നടപടി

സ്വീകരിക്കേണ്ടത് പോലീസാണ്. കേരള മണി ലെന്റേഴ്സ് ആക്റ്റ് പ്രകാരം പണമിടപാട് നടത്തുന്ന വ്യക്തി അഥവാ സ്ഥാപനം ലൈസൻസ് എടുക്കേണ്ടതും രണ്ടുശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ലാത്തതുമാണ്. കാലാകാലങ്ങളിൽ ഗവൺമെന്റ് വിജ്ഞാപനപ്രകാരം പലിശയുടെ നിരക്ക് തീരുമാനിക്കുന്നതാണ്. മൈക്രോ ഫിനാൻസ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഒരു സംവിധാനമായി വളർത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് കുടുംബശ്രീ വഴി ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ അതിന് സമാന്തരമായി വരുന്ന സംവിധാനങ്ങളെ കൈകാര്യം ചെയ്യുന്നതിനും കുടുംബശ്രീയെ സംരക്ഷിക്കേണ്ടതിനും ഒരു സമന്വയമുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ സാമ്പത്തിക സ്ഥാപനങ്ങളിലുള്ള നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരള പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റേഴ്സ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആന്റ് റെഗുലേഷൻ ഓഫ് മണി ലെന്റേഴ്സ് എന്ന നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. നിയമപ്രകാരം ലൈസൻസ് എടുക്കാത്ത ഏതെങ്കിലും പണമിടപാട് സ്ഥാപനങ്ങളുണ്ടോ എന്ന് അടിയന്തിരമായി പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകുന്നതോടൊപ്പം എസ്.കെ.എസ്. എന്ന സ്ഥാപനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതുമാണ്.

(2) <u>വിദേശ സർവ്വകലാശാലകൾക്ക് പ്രവർത്തനാനുവാദം നൽകുന്ന നിയമം</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുവാദം നൽകാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം നിരവധി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. വിദേശ

സർവ്വകലാശാല നിയന്ത്രണ ബിൽ ഇന്ത്യയുടെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലകളോടുള്ള വെല്ലുവിളിയാണ്. ഇന്ത്യയുടെ തനത് നയത്തിന് കടകവിരുദ്ധമായ സമീപനമാണ് വിദേശ സർവ്വകലാശാലകളുടെ വരവിലൂടെ ഉണ്ടാകാൻ പോകുന്നത്. ഇന്ത്യൻ സർവ്വകലാശാലകളിലേയ്ക്ക് വിദേശ വൈസ് ചാൻസിലർമാരെ കൊണ്ടുവരുന്നത് രാജ്യത്തിന്റെ സാധ്യതയേയും ഭൗതിക മികവിനേയും കുറിച്ച് അറിയാതെയാണ്. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കാൻ വിദ്യാഭ്യാസ ചരിത്ര സാംസ്ക്കാരിക വിദഗദ്ധരെ ചുമതലപ്പെടുത്തുകയാണ് വേണ്ടത്. ആയുർവേദം, അലോപ്പതി, ഹോമിയോ, യുനാനി എന്നീ ശാസ്ത്രശാഖകളെ സമഗ്രമായി ഉദ്ഗ്രഥിച്ചുകൊണ്ട് വികസിപ്പിച്ചെടുത്ത ഹോളിസ്റ്റിക്കായിട്ടുള്ള സമീപനമുള്ള ഇന്ത്യയിലെ ആരോഗ്യ സർവ്വകലാശാല വിദേശത്തുനിന്ന് കൊണ്ടുവരാൻ സാധിക്കുകയില്ല. ലോകത്ത് സമസ്തമേഖലകളിലും ഉയർന്ന ഭൗതികതലമുള്ളത് ഇൻഡ്യയ്ക്കാണ്. നാനോ ടെക്നോളജിയിലും ബയോ ടെക്നോളജിയിലും ഗവേഷണ രംഗത്തും അദ്വിതീയമായ സ്ഥാനവുമുണ്ട്. രാജ്യത്തിന്റെ തനതായ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സർവ്വകലാശാലകളേയും കഴിയുന്നത്ര വികസിപ്പിച്ച് ജി.ഡി.പി.യുടെ ആറുശതമാനം വിദ്യാഭ്യാസരംഗത്ത് നിക്ഷേപിക്കണമെന്ന കോത്താരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. വിദ്യാഭ്യാസത്തിന്റെ കമ്പോളവൽക്കരണം തടയാൻ കഴിയണം. വിദേശ സർവ്വകലാശാല പ്രവർത്തനം ആരംഭിക്കുമ്പോൾ ഇന്ത്യയിൽനിന്നും വിദേശ രാജ്യങ്ങളിൽ പഠിക്കാൻ പോകുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കുവാൻ അനുവദിക്കുന്ന

പക്ഷം ഇന്ത്യയിലെ വിദ്യാഭ്യാസ മേഖല കാതലായ പുരോഗതി കൈവരിക്കും എന്നതാണ് കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പിന്റെ അവകാശവാദം. ഈ സ്ഥാപനങ്ങൾ വഴി ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ സീറ്റുകളും അതുവഴി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് നിരക്കും കൂട്ടുവാൻ സാധിക്കു മെന്നും വിദ്യാഭ്യാസ ഗുണനിലവാരം പ്രത്യക്ഷമായും പരോക്ഷമായും മെച്ചപ്പെടുമെന്നുമാണ് അവർ പ്രതീക്ഷിക്കുന്നത്. ഇന്ത്യയിൽ സ്ഥാപിക്കുന്ന വിദേശ സർവ്വകലാശാലകളുടെ വിദൂര പഠനകേന്ദ്രങ്ങളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കു മെന്നതും ഇന്ത്യൻ സർവ്വകലാശാലകളുമായി മാത്സര്യം വളർത്തുക വഴി ഇവിടത്തെ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുമെന്നുള്ളതും വിദ്യാഭ്യാസപരമായ അടിസ്ഥാന കാഴ്ചപ്പാടുകളുമായി പൊരുത്തപ്പെടാത്ത വീക്ഷണമാണ്. ഓരോ രാജ്യവും പ്രസ്തുത രാജ്യത്തിന്റെ ഭരണഘടനാ ബാധ്യത നിറവേറ്റാൻ പ്രാപ്തരായ വ്യക്തികളെ സജ്ജരാക്കാൻ വേണ്ടിയാണ് ആ രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിന് രൂപം നൽകുന്നത്. ഭരണ ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടു സാംസ്ക്കാരിക പശ്ചാത്തലം ഉൾക്കൊണ്ടു കൊണ്ടുമുള്ള അറിവിന്റെ ഔന്നിത്യത്തിലേയ്ക്ക് വളരാനും വികസിക്കാനും അർഹരായവർക്കെല്ലാം സാധിക്കേണ്ടതുണ്ട്. നാടിന്റെ സാംസ്ക്കാരിക പശ്ചാത്തലം ലയിച്ചുചേർന്ന വിദ്യാഭ്യാസം ഉറപ്പാക്കുവാൻ ഇന്ത്യൻ സർവ്വക ലാശാലകൾക്കാണ് കൂടുതൽ സാധിക്കുക. നമ്മുടെ സർവ്വകലാശാലകൾ വിദേശത്തുള്ള സർവ്വകലാശാലകളുമായി അക്കാദമികമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം ഇവിടെയുള്ള ഫാക്കൽറ്റികൾക്ക് വിദേശ സർവ്വക ലാശാലകളിലുള്ള ഫാക്കൽറ്റികളുമായും വിദേശ സർവ്വകലാശാലകളി ലുള്ളവർക്ക് ഇന്ത്യൻ സർവ്വകലാശാലകളിലുള്ള ഫാക്കൽറ്റികളുമായി

ബന്ധപ്പെടാനുമുള്ള സൗകര്യമുണ്ടാകണം. ബി.സി.യിൽ വിദേശരാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള ചരിത്ര സംബന്ധിയായ തെളിവുകളെപ്പററി പഠന ഗവേഷണം നടത്താൻ ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ആർക്കിയോളജി പ്രതിനിധികൾ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. വിദേശ സർവ്വകലാശാലകൾക്ക് പ്രവർത്താനനുവാദം നൽകുന്നതിലൂടെ വിദേശരാജ്യത്തേയ്ക്ക് പഠിക്കാൻ പോകുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്ന അഭിപ്രായത്തോട് യോജിക്കാൻ കഴിയില്ല.

## സബ്മിഷൻ

(1) <u>എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സ്തംഭനാവസ്ഥ</u>

<u>ശ്രീ. എം. മുരളി</u>: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷത്തിൽ കുറഞ്ഞ കാലയളവുള്ള ഒഴിവുകളിൽ ദിവസക്കൂലിക്കാരെ നിയോഗിച്ചിരിക്കുകയാണ്. 12-1-2010-ലെ ഉത്തരവുപ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്നാണ്. അൺ-ഇക്കണോമിക് സ്കൂളുകൾ പരിശ്രമത്തിലൂടെ എയ്ഡഡ് മേഖലയിൽ കുട്ടികളുള്ള വിദ്യാലയങ്ങളായി മാറിയാൽ അവിടത്തെ ഒഴിവുകളും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ കൊണ്ട് മാത്രമേ നികത്താവൂ എന്ന ഉത്തരവും അശാസ്ത്രീയമാണ്. ഒരു അദ്ധ്യാപകൻ അദ്ധ്യയനവർഷം ആരംഭിക്കുന്ന ജൂൺ-1 ന് സർവ്വീസിൽ കയറിയില്ലെങ്കിൽ ദിവസക്കൂലിക്കാരനായി മാത്രമേ കണക്കാക്കുകയുള്ളൂ

എന്നതാണ് എയ്ഡഡ് മേഖലയിൽ ദിവസക്കൂലിക്കാരായ അദ്ധ്യാപകർ കൂടുതൽ വരാനുള്ള കാരണം. 1:40 എന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് അതുസംബന്ധിച്ച വ്യക്തമായ ഉത്തരവ് ഇറക്കിയിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ രണ്ട് മലയാളം മീഡിയം ഡിവിഷനുകളുണ്ടെങ്കിൽ മാത്രമേ ഒരു ഇംഗ്ലീഷ് മീഡിയം ഡിവിഷൻ അനുവദിക്കാവൂ എന്ന ഡി.പി.ഐ.-യുടെ ഉത്തരവിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്. 2006-ലെ സർക്കാർ ഉത്തരവുമൂലം നാലുവർഷമായി എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ സ്ഥിരം ഒഴിവുകളിൽ നിയമനം നടക്കുന്നില്ല. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതുവഴി എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ പോസ്റ്റുകൾ വെട്ടിക്കുറച്ചത് അവിടത്തെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു. പാഠപുസ്തക വിതരണം പൂർത്തിയാകാത്തത് വിദ്യാഭ്യാസമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ ലൈബ്രേറിയന്മാരില്ലാത്തതിനാൽ ലൈബ്രറികളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. എയ്ഡഡ് മേഖലയെ ദോഷകരമായി ബാധിക്കുന്ന ഇത്തരം ഉത്തരവുകൾ പിൻവലിച്ച് വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിലെ അദ്ധ്യാപക നിയമനനിരോധന ഉത്തരവ് എടുത്തുകളയുകയും എയ്ഡഡ് മാനേജുമെന്റുകളുടെ തന്നിഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യാൻ പാടില്ലെന്ന ജാഗ്രത സർക്കാർ പുലർത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

നിയമന നിരോധനം നിലനിന്ന സമയത്ത് അദ്ധ്യാപക നിയമനം നടത്തിയ ചില മാനേജുമെന്റുകൾ അത്തരം നിയമനങ്ങൾക്ക് അംഗീകാരം കിട്ടണമെന്ന ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തിൽ യഥാർത്ഥത്തിൽ ആ സ്കൂളുകളിൽ വിദ്യാർത്ഥികൾ ഉണ്ടാകുകയും ഡിവിഷൻ വർദ്ധിക്കുകയും ചെയ്തതായി ബോധ്യപ്പെട്ടാൽ അദ്ധ്യാപകർക്ക് അംഗീകാരം നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഭാവിയിൽ അത്തരം അദ്ധ്യാപകരുടെ ഒഴിവു ണ്ടായാൽ അവിടെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന തീരുമാനവും എടുത്തിട്ടുണ്ട്. 23-6-2008-ലെ സർക്കാർ ഉത്തരവിലൂടെ എയ്ഡഡ് കോളേജ് മേഖലയിലെ അദ്ധ്യാപകരുടെ നിയമനനിരോധനം എടുത്തുകളയുകയും 642 എയ്ഡഡ് അദ്ധ്യാപക തസ്തികകൾക്ക് സർക്കാർ അനുവാദം നൽകുകയും ചെയ്തു. അൺ-ഇക്കണോമിക് സ്കൂളുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി സാധ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് അക്കാദമിക വർഷം നിർണ്ണയിക്കുന്നതിലുള്ള സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്നും വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. പാഠപുസ്തക വിതരണവു മായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും ജൂലൈ മാസം അവസാനത്തോടു കൂടി പൂർണ്ണമായ പരിഹാരം കണ്ടെത്താനാവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ചില സ്കൂളുകളിൽ ചില ക്ലാസ്സുകളിലെ പാഠപുസ്തം കിട്ടിയിട്ടില്ല എന്നുള്ള പരാതി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീക രിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : എല്ലാ അദ്ധ്യാപകരുടേയും നിയമനങ്ങൾക്ക് അംഗീകാരം കൊടുത്തുകൊണ്ടുള്ള സർക്കാർ ഉത്തര വിനോടൊപ്പം 2005-ൽ ഇനി നിയമനം നടത്തുന്നത് സർക്കാർ കൂടി അറി ഞ്ഞുകൊണ്ടായിരിക്കണമെന്നുകൂടി ചേർത്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്ന സർക്കാരിന്റെ തത്വം അംഗീകരിച്ചുകൊണ്ട് 11 സ്കൂളുക ളിലായി 63 അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല. അൺ-ഇക്കണോമിക് സ്കൂളുകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം. ഗസ്റ്റ് അദ്ധ്യാപകരെ വിദ്യാഭ്യാസമേഖലയിൽ നിന്നും ഒഴിവാക്കാൻ സാധിക്കുമോയെന്നുകൂടി ആലോചിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): പതിനൊന്ന് സ്കൂളുകളിലെ 63 അദ്ധ്യാപകരുടെ നിയമനത്തിന്റെ പ്രശ്നവും ഗസ്റ്റ് അദ്ധ്യാപകരുടേയും അൺ ഇക്കണോമിക് സ്കൂളുക ളുടേയും പ്രശ്നവും ഗൗരവമായി പരിഹരിക്കാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(2) താലിബാൻ മോഡൽ സമാന്തര കോടതികളുടെ പ്രവർത്തനം

ശ്രീ. ആര്യാടൻ മുഹമ്മദ്: കേരളത്തിൽ താലിബാൻ മോഡൽ സമാന്തര കോടതികൾ പ്രവർത്തിക്കുന്നതായും മതകോടതികൾ കൂടി പതിനഞ്ചോളം കേസുകൾ തീർപ്പാക്കിയതായും വിവിധ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീവ്രവാദ ആശയങ്ങൾ പുലർത്തുന്ന ദാറൽ ഖദ പ്രസ്ഥാനം സംസ്ഥാനത്ത് പലയിടത്തും ശരിയത്ത് കോടതികൾ നടപ്പാക്കുന്നുവെന്ന വിവരവും ലഭിച്ചിട്ടുണ്ട്. ഇത്തരം കോടതികളുടെ പ്രവർത്തനം തടയാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : മതവിശ്വാസികൾക്കിടയിലുള്ള കുടുംബ പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ സ്വത്ത് തർക്കങ്ങൾ, മുതലായ കാര്യങ്ങൾ പരിഹരിക്കുന്നതിനായി മതപണ്ഡിതൻമാരുടെ നേതൃത്വത്തിൽ ചില കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നതായും ഇത്തരത്തിലുള്ള ദാറൽ ഖദ എന്ന സംവിധാനം 1-7-2009-ൽ മലപ്പുറം മുനിസിപ്പൽ ടൗൺ ഹാളിൽവച്ച് ആൾ ഇൻഡ്യാ മുസ്ലീം പേഴ്സണൽ ലാ ബോർഡ് സെക്രട്ടറി ഉദ്ഘാടനം ചെയ്തതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമ സംവിധാനത്തിനു ബദലായി താലിബാൻ മോഡലിലോ മറ്റ് വിധത്തിലോ ഉള്ള ഒരു സംവിധാനവും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. സ്വയം കോടതിയിൽ പോലീസ് ചമയുന്ന രീതി ജനാധിപത്യ സമൂഹത്തിന് അനുവദിക്കാൻ സാധിക്കുന്നതല്ല. പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഇരുപതോളം പോഷകസംഘടനകൾ പ്രവർത്തിക്കുന്നതായി അവർ അവകാശപ്പെടുന്നുണ്ട്. സമുദായങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി മുസ്ലീം പോപ്പുലർ ലാ ബോർഡിന്കീഴിലുള്ള ദാറൽ ഖദ എന്ന സംവിധാനത്തിന് കേരളത്തിൽ ഇമാം കൗൺസിലാണ് നേതൃത്വം കൊടുക്കുന്നത്. ഇമാം കൗൺസിലിന്റെ കീഴിൽ ഇങ്ങനെയൊരു സംവിധാനം ഉണ്ടെന്നാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ പ്രസിദ്ധീകരണത്തിൽ പറയുന്നത്. ഈ സംവിധാനം താലിബാൻ മോഡൽ കോടതിയായി പ്രവർത്തിക്കുന്നുണ്ടോ, നിയമവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നുണ്ടോ, നിയമ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടോ

തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) ഡോക്ടർമാരുടെ അപര്യാപ്തത

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേഷൻ കേഡർ നടപ്പിലാക്കിയ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ 16 ഡോക്ടർമാരാണ് നിലവിലുള്ളത്; 7 ഡോക്ടർമാരുടെ കുറവുണ്ട്. പല ഡോക്ടർമാരും ജോയിൻ ചെയ്യാതെ അനധികൃതമായി ലീവിൽ പ്രവേശിച്ചിരിക്കുകയാണ്. ജൂനിയർ ഡോക്ടർമാരിൽനിന്ന് എം.ഡി. കഴിഞ്ഞ 271 പേരെയും പി.എസ്.സി. വഴിയായി 100 ഡോക്ടർമാരേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മെഡിക്കൽ എഥിക്സിന് വിരുദ്ധമായി ലീവിൽ പ്രവേശിച്ചിട്ടുള്ള ഡോക്ടർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(4) മമ്പറം പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. പി. ജയരാജൻ : സ്റ്റേറ്റ് ഹൈവേ 38-ലെ അപകടാവസ്ഥയിലായ മമ്പറം പാലം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പുതിയ പാലം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 08-07-2010-ലെ സർക്കാർ ഉത്തരവുപ്രകാരം മമ്പറം പാലം നിർമ്മിക്കുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 16 സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതി

നുള്ള പ്രിൻസിപ്പൽ സാംഗ്ഷൻ നൽകുകയും പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. ഇതിനായി 29 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. നബാർഡിന്റെ ധനസഹായം ലഭ്യമായില്ലെങ്കിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആവശ്യമായ തുക ലഭ്യമാക്കുന്നതാണ്.

(5) നന്ദാവനത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

ശ്രീ. വി. ശിവൻകുട്ടി : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വനിതാ ജീവനക്കാർക്ക് തിരുവനന്തപുരത്ത് താമസിക്കുന്നതിന് നന്ദാവനത്ത് പട്ടികജാതി വികസന ഡയറക്ടറേറ്റ് പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും അയ്യൻകാളിഭവനുമുന്നിൽ അയ്യൻകാളിയുടെ പ്രതിമ സ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : പട്ടികവിഭാഗത്തിൽപ്പെടുന്ന വനിതാ ജീവനക്കാർക്ക് തിരുവനന്തപുരത്ത് താമസിക്കുന്നതിന് നന്ദാവനത്ത് പട്ടികജാതി വികസന ഡയറക്ടറേറ്റ് പ്രവർത്തിച്ചുകൊണ്ടിരുന്ന 28 സെന്റ് സ്ഥലത്ത് 2 കോടി 98 ലക്ഷം രൂപ ചെലവിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അയ്യൻകാളിഭവനുമുന്നിൽ അയ്യൻകാളിയുടെ പ്രതിമ സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(6) ആഫ്രിക്കൻ ഒച്ചുകൾ

ശ്രീ. അടൂർ പ്രകാശ്: കേരളത്തിൽ ആഫ്രിക്കൻ ഒച്ചുകൾ വ്യാപിക്കുന്നതു സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കോന്നിയിലും ചെന്നീർക്കരയിലും പരിസരപ്രദേശത്തും കണ്ടുവരുന്ന ആഫ്രിക്കൻ ഒച്ചിന്റെ സാമ്പിളുകൾ ശേഖരിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞൻ ഗവേഷണം ആരംഭിച്ചിട്ടുണ്ട്. 2010 ജൂലൈ മാസം 20-ന് കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായുള്ള സംയുക്ത യോഗത്തിൽ എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗപ്പെടുത്തി പരമാവധി സ്ഥലങ്ങളിൽ ഉപ്പ് വിതറാനും രാസവസ്തുക്കളുടെ പ്രയോഗം ഒഴിവാക്കാനും തീരുമാനിച്ചിരുന്നു. ഉപ്പ് വിതറുന്നതിന്റെ ഫലമായി ഒച്ചിന്റെ പ്രജനനവും വ്യാപനവും തടയാൻ സാധിക്കുന്നതാണ്.

(7) കർഷകക്ഷേമ വകുപ്പ് രൂപീകരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം കേരളത്തിൽ കർഷകക്ഷേമ വകുപ്പും കർഷകർക്ക് ക്ഷേമനിധിയും രൂപീകരിക്കുന്നതിനും കർഷക പെൻഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കേന്ദ്രം തത്വത്തിൽ അംഗീകരിച്ചെങ്കിലും അത് ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. കർഷകക്ഷേമം നടപ്പാക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് കർഷക ക്ഷേമവകുപ്പ് രൂപീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേ

ശിച്ചത്. സംസ്ഥാനത്ത് കൃഷി ഡയറക്ടറേറ്റിൽത്തന്നെ കർഷകക്ഷേമത്തിനു വേണ്ടി അഡീഷണൽ ഡയറക്ടറുടെ കീഴിൽ ഒരു സെൽ ആരംഭിക്കാനും മറ്റ് കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

(8) പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നവർക്കുള്ള ധനസഹായം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായി വീട് തകർന്നവർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷക്കെടുതിയിൽ തകർന്നുപോകുന്ന എല്ലാ വീടുകൾക്കും ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്. 10 കോടിരൂപ ധനകാര്യവകുപ്പ് ഇതിനായി പ്രത്യേകം അനുവദിച്ചിട്ടുണ്ട്.

(9) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

ശ്രീ. ബി. രാഘവൻ: ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കയ്യേറിയ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി സർക്കാർ ഏറ്റെടുക്കാനും അർഹരായ കർഷകത്തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും അത് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ളാഹാ പെരുമാട് എസ്റ്റേറ്റിലെ 426.6 ഏക്കർ ഭൂമിയും സ്വകാര്യ വ്യക്തികളിൽ നിന്നും പാട്ടത്തിനെടുത്ത 1629.75 ഏക്കർ ഭൂമിയും ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശത്തിലാണെന്ന് മനസ്സിലാക്കുന്നു. പ്രസ്തുത എസ്റ്റേറ്റിൽ നടന്നുവരുന്ന റീ-സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പരിധിയിൽ കവിഞ്ഞതും നിയമവിരുദ്ധമായി കമ്പനി കൈവശപ്പെ

ടുത്തിയിരിക്കുന്നതുമായ ഭൂമി തിരിച്ചെടുത്തശേഷം സർക്കാരിൽ നിക്ഷിപ്ത മാക്കേണ്ടത് ഒഴിച്ചുള്ള ഭൂമി വിതരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(10) മൈക്രോ ബയോളജി ബിരുദാനന്തര ബിരുദം

ശ്രീ. കെ. കെ. ദിവാകരൻ: കേരളത്തിലെ മൂന്ന് യൂണിവേഴ്സിറ്റികൾ നടത്തുന്ന മെഡിക്കൽ മൈക്രോ ബയോളജിയിലുള്ള ബി.എസ്.സി.-എം.എസ്.സി. കോഴ്സുകൾ മറ്റ് സമാന കോഴ്സുകൾക്കു പുറമേ മലേറിയ ആഫീസർ, ബാക്ടീരിയോളജിസ്റ്റ്, മൈക്രോ ബയോളജിസ്റ്റ്, എന്റമോളജിസ്റ്റ് തുടങ്ങിയ തസ്തികകൾക്കുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായി പി.എസ്.സി. അംഗീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മലേറിയ ആഫീസർ, എന്റമോളജിസ്റ്റ് എന്നീ തസ്തിക കൾക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള എം.എസ്.സി. സുവോളജി, എം.എസ്.സി. എന്റമോളജി എന്നീ കോഴ്സുകൾക്കു പുറമേ കാലോചിതമായി തുടങ്ങുന്ന പുതിയ കോഴ്സുകൾ കൂടി അടിസ്ഥാന യോഗ്യതയായി പരിഗണിക്കണമെന്ന വിഷയത്തിന്മേൽ സർക്കാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(11) ജന ഔഷധി പദ്ധതി

ശ്രീ. ടി.എൻ. പ്രതാപൻ: കേന്ദ്രസർക്കാരിന്റെ ജന ഔഷധി പദ്ധതി സംസ്ഥാനത്ത് അടിയന്തരിമായി നടപ്പിലാക്കാനും ബ്രാന്റഡ് മരുന്നു കളേക്കാൾ വിലക്കുറവുള്ളതും ഗുണനിലവാരമുള്ളതുമായ ജനറിക്

മരുന്നുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും സത്വരനടപടി സ്വീകരിക്കണം. എല്ലാ സർക്കാർ ആശുപത്രികളിലും ജന ഔഷധി സ്റ്റോറുകൾ ആരംഭിക്കാനും പൊതുമേഖലാ മരുന്നുനിർമ്മാണ കമ്പനികളിൽ നിന്നും ചെറുകിട മരുന്നു നിർമ്മാണശാലകളിൽ നിന്നും ജനറിക് മരുന്നുകൾ വാങ്ങി ഈ സ്റ്റോറുകൾ വഴി വിൽപ്പന നടത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ജന ഔഷധി ജനറിക്ക് ഡ്രഗ് സ്റ്റോർ ശൃംഖലകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബ്യൂറോ ഓഫ് ഫാർമ പബ്ലിക് അണ്ടർടേക്കിംഗ് ഓഫ് ഇൻഡ്യ ഡയറക്ടർ അയച്ച കത്തിനെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. ഏതാനും വർഷങ്ങളായി കേരളത്തിൽ ന്യായവിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോർ വഴിയും മാവേലിസ്റ്റോറുകൾ വഴിയും മരുന്നുവിൽപ്പന നടക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്നതു പ്രകാരം ബ്രാന്റ് നെയിമിലാണ് അവർ മരുന്നുകൾ കുറിക്കുന്നത്. ബ്രാന്റ് നെയിമിനോടൊപ്പം ജനറിക് നെയിമും കൂടി കുറിക്കാൻ പറ്റുന്ന വിധത്തിൽ ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ സിസ്റ്റം കൊണ്ടുവരുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ജന ഔഷധി സ്റ്റോറുകളുടെ കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(12) പ്രതീക്ഷാഭവന്റെ ശോച്യാവസ്ഥ

ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി: മലപ്പുറം തവനൂർ പഞ്ചായത്തിൽ മാനസിക വൈകല്യമുള്ളവരുടെ സംരക്ഷണത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'പ്രതീക്ഷാ ഭവനി'ലെ അന്തേവാസികൾക്ക് താമസസൗകര്യമുണ്ടാക്കാനും ശുദ്ധജലവിതരണം, ഭക്ഷണസൗകര്യം

എന്നിവ ലഭ്യമാക്കാനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മാനസിക വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷന്മാർക്കു വേണ്ടി പ്രവർത്തിക്കുന്നതും 50 പേർ താമസിക്കുന്നതുമായ തവനൂർ പ്രതീക്ഷാഭവനിൽ താമസസൗകര്യം കുറവായത് ശ്രദ്ധയിൽപ്പെട്ടതി നെത്തുടർന്ന് 3 കോടി രൂപയുടെ കെട്ടിടനിർമ്മാണത്തിനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ട്. ഇംഹാൻസ് ഡയറക്ടറുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒന്നര വർഷ മായി ഇവിടത്തെ അന്തേവാസികൾക്ക് കൂടുതൽ ചികിത്സയും പരിചരണവും നൽകിവരുന്നുണ്ട്. ഇപ്പോൾ അവർക്ക് യൂണിഫോമും സ്ഥാപനത്തിനാവശ്യ മായ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റിയുടെ ഭാഗമായി രണ്ട് ജീവനക്കാർക്ക് പുറമേ ഏഴുപേരെ അധിഷണലായി നിയമിച്ചിട്ടുണ്ട്.

(13) സി. എച്ച്. സി.-യിൽ ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. എൻ. രാജൻ കിളിമാനൂർ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടേയും ജീവനക്കാരുടേയും അപര്യാപ്തത പരി ഹരിക്കുന്നതിനും അവിടെ ട്രോമാ കെയർ യൂണിറ്റ് അനുവദിച്ച് ഫസ്റ്റ് റെഫറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : കേശവപുരം സി. എച്ച്. സി.- യിൽ ആറ് ഡോക്ടർമാരുടെ

തസ്തികകളാണുള്ളത്. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി സ്ഥലം മാറിപ്പോയ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് പകരം പോസ്റ്റ് ചെയ്ത ഡോക്ടർമാർ ജോയിൻ ചെയ്യാത്ത സാഹചര്യത്തിൽ കൂടുതൽ ഡോക്ടർമാരേയും ഹൗസ് സർജൻസി കഴിഞ്ഞ മൂന്നുപേരേയും നിയമിച്ചിട്ടുണ്ട്. ബാക്കി എല്ലാ സ്റ്റാഫും കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലി ചെയ്യുന്നുണ്ട്.

(14) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. എ. എം. യൂസഫ് : കളമശ്ശേരി, ആലുവ നഗരസഭകളിൽ ക്ലീനർ, ഡ്രൈവർ തസ്തികകളിൽ ഇരുപത്തഞ്ചോളം വർഷമായി പണിയെടുക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : നഗരസഭകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെയും ദിവസക്കൂലി അടിസ്ഥാനത്തിൽ 31-12-2000 വരെ നിയമിച്ചിരുന്ന ജീവനക്കാരെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് 2001 മാർച്ചിൽ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി നഗരസഭയിൽ 1995 മുതൽ ജോലി ചെയ്തുവരുന്ന 28 താൽക്കാലിക ജീവനക്കാരെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കണമെന്ന മുനിസിപ്പൽ കൗൺസിൽ തീരുമാനത്തിന് നഗരകാര്യ ഡയറക്ടർ അംഗീകാരം നൽകുകയും അവരെ കണ്ടിജന്റ് വിഭാഗത്തിൽ സ്ഥിരം തൊഴിലാളികളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആലുവ നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി 12-07-2010-ൽ

നിലവിലുണ്ടായിരുന്ന 21 ഒഴിവുകളിൽ നിയമനം നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## നിയമനിർമ്മാണകാര്യം

2010-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ശക്തൻ : ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം 45,000 കോടി രൂപയായിരുന്നത് നാലുവർഷംകൊണ്ട് 25,235 കോടി രൂപ വർദ്ധിച്ച് ഇപ്പോൾ 70,235 കോടി രൂപയായി. ഈ സാമ്പത്തിക വർഷത്തെ ആദ്യത്തെ നാലുമാസം കഴിയാറായപ്പോൾ അത് 80,000 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം 90,000 കോടി

രൂപയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 50 വർഷംകൊണ്ട് സംസ്ഥാനത്ത് അധികാരത്തിൽ വന്ന മുഴുവൻ ഗവൺമെന്റുകളുടേയും കാലത്തുണ്ടായ പൊതുക്കടം 45,000 കോടി രൂപയായിരുന്നെങ്കിൽ അഞ്ചുവർഷംകൊണ്ട് ഈ ഗവൺമെന്റ് വരുത്തിയ പൊതുക്കടം 45,000 കോടി രൂപയാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു എം. എൽ. എ.-യ്ക്ക് 15 കോടി രൂപയുടെ വികസനപ്രവർത്തനം നടത്താമെന്ന് പറഞ്ഞെങ്കിലും പ്രതിപക്ഷ മെമ്പർമാരുടെ കാര്യത്തിൽ വിവേചനം കാണിക്കുന്ന സമീപനമാണുള്ളത്. ഖജനാവ് കാലിയാക്കിയും പൊതുക്കടം വർദ്ധിപ്പിച്ചും കോൺട്രാക്ടർമാർക്ക് വണ്ടിച്ചെക്ക് നൽകിയുമാണ് മുൻ എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞതെങ്കിൽ ഈ ഗവൺമെന്റും അത്തരമൊരു രീതി തന്നെയാണ് അവലംബിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 50 കോടി രൂപ പരസ്യത്തിനുവേണ്ടിമാത്രം ചെലവഴിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗക്കാർക്ക് രണ്ടുരൂപയ്ക്ക് അരി കൊടുക്കുന്നത് കേന്ദ്രഗവൺമെന്റിൽ നിന്ന് കിട്ടുന്ന അരിവിഹിതം ഉപയോഗിച്ചിട്ടാണെങ്കിലും അതിന്റെ ക്രെഡിറ്റ് മുഴുവൻ ലഭിക്കുന്നത് സംസ്ഥാന ഗവൺമെന്റിനാണ്. കേന്ദ്ര ഗവൺമെന്റ് കിലോഗ്രാമിന് മൂന്നുരൂപ വച്ച് 20 ലക്ഷം കുടുംബങ്ങൾക്ക് 25 കിലോഗ്രാം അരി വീതം കൊടുക്കാൻവേണ്ടി സംസ്ഥാനത്തിന് അനുവദിച്ച അരിവിഹിതം ഉപയോഗിച്ച് 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപ നിരക്കിൽ 12 കിലോഗ്രാം വീതം നൽകുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ അരിക്ക് വില വർദ്ധിച്ചപ്പോൾ കേന്ദ്ര അലോട്ട്മെന്റ് കിട്ടാതിരുന്ന അവസരത്തിൽപ്പോലും

കിലോയ്ക്ക് മൂന്നു രൂപയ്ക്ക് അരി നൽകുകയാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി എന്ന ആശയം കൊണ്ടുവന്നതല്ലാതെ അതിന്റെ ചെലവൊന്നും സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നില്ല. ഇതിന്റെ സാമ്പത്തികബാധ്യത മുഴുവൻ അടുത്തുവരാൻ പോകുന്ന ഗവൺമെന്റാണ് വഹിക്കേണ്ടി വരിക. കഴിഞ്ഞ നാലുവർഷത്തിനിടയ്ക്ക് സംസ്ഥാനത്തെ ഒരു വകുപ്പിനും ഫലപ്രദമായി പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ കടം ഇക്കഴിഞ്ഞ നാലുവർഷംകൊണ്ട് 1331 കോടി രൂപയായി വർദ്ധിച്ചു. ഈ ഗവൺമെന്റിന്റെ കാലയളവിൽ വാങ്ങിയ ബസ്സിനെല്ലാം കൂടി 250 കോടി രൂപ മാത്രം ചെലവ് വന്നിട്ടുള്ള സ്ഥിതിക്ക് ബാക്കി 1100 കോടി രൂപ എന്തുചെയ്തുവെന്ന് വ്യക്തമാക്കണം.

<u>പ്രൊഫ.സി.രവീന്ദ്രനാഥ്</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷത്തെ പദ്ധതിച്ചെലവ് ശരാശി 90 ശതമാനമാണെങ്കിൽ കഴിഞ്ഞവർഷം മാത്രം അത് 95 ശതമാനമാണ്. കടം, പലിശ ബാധ്യതകൾ അനുദിനം കുറഞ്ഞുവരുകയും ആഭ്യന്തര ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ കമ്മി എസ്.ഡി.പി.യുടെ 1.9 ശതമാനമായി ചുരുങ്ങുകയും നികുതിവരുമാനം കഴിഞ്ഞ നാലുവർഷത്തിലും ശരാശരി 20 ശതമാനം കണ്ട് വർദ്ധിക്കുകയും ചെയ്തത് സുസ്ഥിര സമ്പദ്വ്യവസ്ഥയുടെ ഉത്തമലക്ഷണമാണ്. പദ്ധതി അടങ്കൽ 10,025 കോടി രൂപയായി വർദ്ധിക്കുകയും മൂലധന നിക്ഷേപം 10,000 കോടി രൂപയാകുകയും ചെയ്തതുവഴി കേരളം പട്ടിണിരഹിത സംസ്ഥാനമായി മാറി. കേന്ദ്ര സർക്കാരിന്റെ

നയംമൂലം ഇന്ത്യയിൽ ഔഷധങ്ങൾ, അവശ്യസാധനങ്ങൾ, പെട്രോൾ, ഡീസൽ മുതലായവയുടെ വില കമ്പോളം നിശ്ചയിക്കുന്ന സ്ഥിതി വന്നിരിക്കുകയാണ്. ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിച്ചും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയും സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ചും തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിച്ചും നീർത്തടാധിഷ്ഠിത സാദ്ധ്യതകൾ വികസിപ്പിച്ചും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിയും സഹകരണമേഖലയ്ക്ക് പ്രാധാന്യം നൽകിയും അധികാര വികേന്ദ്രീകരണത്തിന് കരുത്തേകിയും മുന്നോട്ടുപോയതിന്റെ ഫലമായി സർക്കാരിന്റെ റവന്യു വരുമാനം വർദ്ധിച്ചു. വരുമാന വർദ്ധനവിൽ നോൺ ടാക്സ് റവന്യുവിന്റെ വരുമാനമാണ് വർദ്ധിച്ചത്. ഇ.എം.എസ്., എം.എൻ., പാർപ്പിട പദ്ധതികളിലൂടെ വീടില്ലാത്തവർക്ക് വീട് നൽകാൻ നടപടി സ്വീകരിച്ചു. ഈ പദ്ധതിപ്രകാരം കൊടകരയിൽ 5000 വീടുകൾ നൽകിക്കഴിഞ്ഞു. ഭൂരഹിതർക്ക് വീട് നൽകാനും എല്ലാവർക്കും വൈദ്യുതി എത്തിക്കാനും കുടിവെള്ള-ജലസേചന പദ്ധതികൾ പുനരുദ്ധരിച്ച് എല്ലാവർക്കും കുടിവെള്ളമെത്തിക്കാനും നടപടി സ്വീകരിച്ചു. എല്ലാ ജീവനക്കാർക്കും പൂർണ്ണമായ ആനുകൂല്യങ്ങൾ നൽകാനും അർഹരായ എല്ലാവർക്കും പെൻഷൻ നൽകാനുമുള്ള നടപടി സ്വീകരിച്ചു.

<u>ശ്രീ. കെ.എം. മാണി</u> : ധനവിനിയോഗബില്ലിനെ എതിർക്കുന്നു. വർഷത്തിൽ 100 ദിവസമെങ്കിലും തൊഴിൽ നൽകാനുള്ള ദേശീയ തൊഴിലുറപ്പു പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവ നടപ്പിലാക്കിയത് കേന്ദ്ര സർക്കാരാണ്. ദേശീയ തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിന് 24-ാം സ്ഥാനം മാത്രമാണുള്ളത്. 2010 മാർച്ച് 31-ന്

സംസ്ഥാനത്തിന്റെ റവന്യൂകമ്മിയിൽ നേരത്തേ വിഭാവനം ചെയ്തിരുന്നതിനെക്കാൾ 495 കോടി രൂപയുടെ വർദ്ധനവാണുണ്ടായിരിക്കുന്നത്. ഈ ബിൽ ക്രെഡിബിലിറ്റിയില്ലാത്തതും അയഥാർത്ഥവുമായതിനാൽ പിൻവലിക്കാൻ തയ്യാറാകണം. ഏപ്രിൽ 1 മുതൽ അടുത്ത മാർച്ച് 31 വരെ ഉണ്ടാകുന്ന വരവുകളും ചെലവുകളും അടങ്ങുന്ന ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാന്റനുസരിച്ചാണ് അപ്രോപ്രിയേഷൻ ബിൽ സഭയിൽ പാസ്സാക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷം ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന ഇനത്തിൽ പന്ത്രണ്ട് മാസത്തെ ശമ്പളം എന്ന് രേഖപ്പെടുത്തുകയും 2010 മാർച്ച് 1-ന് ഫെബ്രുവരി മാസത്തെ ശമ്പളവും മാർച്ച് 25-ന് ഏപ്രിൽ 1-ന് കൊടുക്കേണ്ട ശമ്പളം അഡ്വാൻസായി കൊടുക്കുകയും ചെയ്ത് 13 മാസത്തെ ശമ്പളം കൊടുത്തത് അസംബ്ലിയുടെ ആതറൈസേഷനില്ലാതെയാണ്. സഭയുടെ അനുമതിയില്ലാതെ സഞ്ചിതനിധിയിൽനിന്ന് തുക ചെലവഴിക്കാൻ പാടില്ല. ഏപ്രിൽ 1-ലെ ശമ്പളം എന്ന് കാണിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ കഴിഞ്ഞ മാർച്ച് 25-നു തന്നെ കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ആ തുകയെ ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്; അത് ഭരണഘടനാവിരുദ്ധമാണ്. 2010 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് നടപ്പുവർഷത്തെ ആകെ ചെലവിന്റെ 50 ശതമാനത്തിലധികം നടത്തിയിരിക്കുന്നത് മാർച്ച് മാസത്തിലാണെന്നാണ്. ഈ നടപടി ശരിയായ ധനകാര്യ മാനേജ്മെന്റാണോയെന്ന് വിലയിരുത്തണം. മാത്രമല്ല,

2007–08 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2008–09–ൽ പദ്ധതിയേതര റവന്യൂ ചെലവ് 10 ശതമാനം വർദ്ധിക്കുകയും 2008–09–ലെ യഥാർത്ഥ പദ്ധതിയേതര ചെലവ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചതോതിനേക്കാൾ 20 ശതമാനം കൂടുതലാണെന്നും സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയേതര റവന്യൂ ചെലവുകൾ അശാസ്ത്രീയമായി വർദ്ധിപ്പിച്ചുകൊണ്ടുവരുന്നതിനുള്ള കാരണം വ്യക്തമാക്കണം. പദ്ധതികൾ നടപ്പിലാക്കുന്നത് മന്ദഗതിയിലായതുകൊണ്ടും 372 സബ്ഹെഡ്ഡുകളിൽ ഗണ്യമായ തിരിച്ചടവ് നടത്തിയിരിക്കുകയാണ്. അനാവശ്യമായി ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്ന നടപടി വിമർശിച്ചതിലൂടെ സർക്കാരിന്റെ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ച എതിർപ്പാണ് സി.ആന്റ്.എ.ജി. പ്രകടിപ്പിച്ചത്. കേരളം ഇപ്പോൾ ഏറ്റവും കൂടിയ ആളോഹരി കടമുള്ള സംസ്ഥാനമായി മാറിയിരിക്കുന്നു. ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനം കേരളമാണ്. നിക്ഷേപകരുടെ കാര്യത്തിലും തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നതിലും സംസ്ഥാനം വളരെ പിന്നിലാണ്. പോപ്പുലർ ഫ്രണ്ട് എന്ന തീവ്രവാദ സംഘടനയെ എതിർക്കുന്നു എന്ന വ്യാജേന കേരളത്തിലേയും ഇൻഡ്യയിലേയും മുസ്ലീം സമുദായത്തെ വ്രണപ്പെടുത്തുകയും വർഗ്ഗീയവിഭാഗീയത ഉണ്ടാക്കുകയും ചെയ്യുന്നു. മണ്ണാർക്കാട്ട് വനഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട കേസ്സിൽ സുപ്രീംകോടതി സർക്കാരിനെ ശിക്ഷിച്ചിരിക്കുകയാണ്. വഴിയോര യോഗങ്ങൾ തടയുന്നത് സംബന്ധിച്ചുള്ള കേരളാ ഹൈക്കോടതിയുടെ നിലപാടുകളിൽ വിശ്വാസമില്ലെന്ന് പറയുന്നതിലൂടെ ജുഡീഷ്യറിയും എക്സി

ക്യൂട്ടീവും തമ്മിലുള്ള ബന്ധത്തെ അപകീർത്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ : ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. നാലുവർഷത്തെ ധനകാര്യ മാനേജുമെന്റ് കാര്യക്ഷമമായിട്ടുള്ളതാണ്. ഈ സർക്കാർ കടം വാങ്ങിയ പണം മൂലധന ചെലവിനായി വിനിയോഗിച്ചതുവഴി കേരളത്തിന്റെ സാമ്പത്തികവളർച്ച ദ്രുതഗതിയിലാകുകയും റവന്യൂവരുമാനം വർദ്ധിക്കുകയും ചെയ്തു. ധനകമ്മി 1.4 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു. 2004-05-ൽ ആഭ്യന്തര കടം ആഭ്യന്തര വരുമാനത്തിന്റെ 39.12 ശതമാനമായിരുന്നെങ്കിൽ 2010-11-ൽ 32.2 ശതമാനമായി കുറയ്ക്കാൻ കഴി ഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ഇനത്തിലും നികുതി ഇനത്തിലും കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട വരുമാനം ലഭിക്കാതെയും ആഗോള സാമ്പത്തികത്തകർച്ചമൂലവും പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാർ തനത് വരുമാനം ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. ട്രഷറി പൂട്ടൽ നടപ്പാക്കാതെ പദ്ധതികൾക്ക് കൂടുതൽ പണം അനുവദിക്കുന്നു. കാർഷികമേഖലയ്ക്ക് 625 കോടി രൂപ നീക്കിവച്ചത് ചരിത്രത്തിൽ ആദ്യ സംഭവമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും മാന്ദ്യവിരുദ്ധ പാക്കേജിനുമായി തുക വകയിരു ത്തുകയും എല്ലാ മണ്ഡലങ്ങളിലും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. 35 ലക്ഷം കുടുംബങ്ങളെ ബി.പി.എൽ. ആയി പരിഗണിച്ച് കിലോഗ്രാമിന് 2 രൂപയ്ക്ക് അരി നൽകുകയും പരമ്പരാഗത മേഖലയിലെ തൊഴിലാളികളെക്കൂടി എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കയർ, കശുവണ്ടി,

കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായ രംഗത്തെ ശക്തിപ്പെടുത്തുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

<u>ശ്രീമതി കെ.എസ് സലീഖ</u> : ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുകയും സാമൂഹ്യസുരക്ഷാ പദ്ധതികൾ ഇല്ലാതാക്കുകയും ചെയ്യുന്ന നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിൽ പ്രതിസന്ധി മൂർച്ഛിച്ചു കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ ഭരണത്തിനിടയിൽ സമസ്തമേഖലകളിലും പുരോഗതി കൈവരിക്കാൻ സാധിച്ചു. പൊതുമേഖലാ വ്യവസായത്തെ ലാഭത്തിൽ കൊണ്ടുവരാനും പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചു. ക്ഷേമപെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിച്ചു. പത്തുലക്ഷത്തോളം വരുന്ന ഷോപ്സ് ആന്റ് കൊമേഴ്ഷ്യൽ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും അംഗൻവാടി ജീവനക്കാർക്കും നിലത്തെഴുത്താശാൻമാർക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. 30 ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി.

സംസ്ഥാന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുകയും പുതിയ ശമ്പളകമ്മീഷനെ നിയോഗിക്കുകയും യു.ഡി.എഫ് സർക്കാർ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയങ്ങളും മുൻ യു.ഡി.എഫ്. സർക്കാരിന്റെ നയങ്ങളും കനത്ത ആഘാതമാണ് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കിയിട്ടുള്ളത്. ദീർഘവീക്ഷണവും വ്യക്തമായ ദിശാബോധവുമുള്ള സാമ്പത്തിക നയപരിപാടി നടപ്പിലാക്കിയും തനതു വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിയും സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് സുസ്ഥിരത നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. നികുതി-നികുതിയേതര വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. നികുതിപിരിവ് കർശനവും ഊർജ്ജസ്വലവുമാക്കി. മൂലധന ചെലവ് വർദ്ധിപ്പിച്ച് വികസനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഗവൺമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. സംസ്ഥാനത്ത് ട്രഷറി പൂട്ടൽ ഇല്ലാതാക്കിയിരിക്കുകയാണ്. പദ്ധതി പ്രവർത്തനങ്ങൾ യാതൊരു തടസ്സവുമില്ലാതെ മുന്നോട്ടുപോകുകയാണ്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലൂടെ എല്ലാവർക്കും വീടെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. നികുതിതട്ടിപ്പ് തടയുന്നതിന് കർശനനടപടി സ്വീകരിക്കണം. പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി എല്ലാവർക്കും വീടും കുടിവെള്ളവും ലഭ്യമാക്കുന്നതിനും മാലിന്യസംസ്ക്കരണം, കാർഷികം തുടങ്ങിയ മേഖലകളിൽ വികസനം സാധ്യമാക്കുന്നതിനും ശ്രദ്ധചെലുത്തണം. സംസ്ഥാന സർക്കാരിന്റെ നികുതിവരുമാനം ഒഴിവാക്കി

പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസനകാര്യങ്ങൾക്കായി കൂടുതൽ തുക അനുവദിക്കണം. ബി.ഒ.ടി.യുടെ പേരിൽ സ്വകാര്യമേഖലയിൽ നടക്കാൻ പോകുന്ന തട്ടിപ്പ് മുൻകൂട്ടി കാണണം. സംസ്ഥാനത്തെ എൻ.എച്ച്. ഉൾപ്പെടെയുള്ള എല്ലാ റോഡുകളും വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇന്ത്യൻ പീനൽകോഡിലെ ബന്ധപ്പെട്ട വകുപ്പുകളിൽ മാറ്റം വരുത്തിക്കൊണ്ട് മതതീവ്രവാദം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന് പോപ്പുലർ ഫ്രണ്ട് അടക്കമുള്ള പ്രസ്ഥാനത്തെ എതിർക്കുന്ന നടപടികൾ ഉണ്ടാകണം.

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: ധനവിനിയോഗബില്ലിനെ പിന്താങ്ങുന്നു. ക്ഷേമപെൻഷനുകൾ 300-രൂപയാക്കി വർദ്ധിപ്പിക്കാനും കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാനും സാധിച്ചു. വിവിധ കടാശ്വാസ പദ്ധതികൾക്കായി 500 കോടിരൂപയും 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് റേഷൻ അരി നൽകുന്നതിനായി 500 കോടിരൂപയും നീക്കിവച്ചു. കയർ-കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർത്തു. കുടിയേറ്റ തൊഴിലാളികൾക്കും ലോട്ടറി വിൽപ്പനക്കാർക്കും ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്കും മറ്റും പുതിയ ക്ഷേമനിധി രൂപീകരിച്ചു. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിഞ്ഞു. പൊതുവിദ്യാഭ്യാസത്തിനുള്ള സർക്കാർ വിഹിതം ഗണ്യമായി ഉയർത്തി. മലബാർ ഉൾപ്പെടെയുള്ള പിന്നോക്കമേഖലയിൽ പുതിയ പ്ലസ് ടൂ കോഴ്സ് ആരംഭിക്കാനും സർവ്വകലാശാലകൾക്ക് പദ്ധതിയിനത്തിൽ ഈ സാമ്പത്തിക വർഷം 50 ശതമാനം അധികവിഹിതം നൽകാനും നടപടി സ്വീകരിച്ചു.

പദ്ധതിയേതര ഗ്രാന്റിൽ 20 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ട് 2009-2010-ൽ റോഡുകൾക്കും പാലങ്ങൾക്കുമായി 500 കോടി രൂപയുടെ ഭരണാനുമതി നൽകി. മികച്ച ധനമാനേജ്മെന്റിലൂടെ നികുതിവരുമാനം വർദ്ധിപ്പിച്ച് സമ്പദ്ഘടന ശക്തിപ്പെടുത്തി. വാണിജ്യനികുതി 14 ശതമാന മായും കഴിഞ്ഞ നാലുകൊല്ലത്തെ ശരാശരി നികുതി വളർച്ച 20 ശതമാനമായും വർദ്ധിപ്പിച്ചു. മതനിരപേക്ഷത കാത്തുസൂക്ഷിക്കാൻ കക്ഷി ഭേദമെന്യേ പ്രതിജ്ഞാബദ്ധമാകണം.

<u>ശ്രീ പി.ടി.എ. റഹീം</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് കേന്ദ്രം ആലോചിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാനത്ത് രണ്ട് രൂപയ്ക്ക് അരി വിതരണം നടപ്പാക്കിക്ക ഴിഞ്ഞു. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോ കുന്നു. കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളോടനുബന്ധിച്ച് വെറുതെകിടക്കുന്ന സ്ഥലം ഏറ്റെടുക്കുകയും ബി.ഒ.ടി. അടിസ്ഥാനത്തിൽ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് വരുമാനമാർഗ്ഗമുണ്ടാക്കുകയും ചെയ്തു. നികുതിവകുപ്പിൽ കെട്ടിക്കിടന്ന എൺപത് ശതമാനം കേസുകളും തീർപ്പാക്കി. നെൽകൃഷി വ്യാപിപ്പിച്ചും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചും കാർഷികമേഖല അഭി വൃദ്ധിപ്പെടുത്തി. വിദ്യാഭ്യാസരംഗത്ത് മലബാർ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകി. മുടങ്ങിക്കിടന്നിരുന്ന സ്പാൻ പദ്ധതിയുൾപ്പെടെ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചു. പൊതു മേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. സംസ്ഥാനത്തൊട്ടാകെ ജില്ല തിരിച്ച് കോടിക്കണക്കിന് രൂപയ്ക്കുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് അനുമതി നൽകി. മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി 50 കോടി രൂപയുടെ വർക്കു

കളാണ് കൊടുവള്ളി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളത്. വൈദ്യുതമേഖലയിൽ സമ്പൂർണ്ണ വൈദ്യുതീകരണവും പവർ ഓൺ ഡിമാന്റ് സംവിധാനവും നടപ്പാക്കാൻ നടപടി സ്വീകരിച്ചു.

(കേരള നിയമസഭയുടെ നടപടിക്രമങ്ങൾ നേരിൽ കാണുന്നതിന് എത്തിയിട്ടുള്ള ബീഹാർ ലെജിസ്ലേറ്റീവ് അസംബ്ലിയിലെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ഉദയ് നാരായൺ ചൗധരിയെ സ്പീക്കർ സ്വാഗതം ചെയ്തു).

ശ്രീ. വി. ഡി. സതീശൻ : ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ഈ സർക്കാർ അന്യസംസ്ഥാന ലോട്ടറിക്കാരെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു ദിവസം 22.5 കോടി രൂപയുടെ വിൽപ്പന അന്യസംസ്ഥാന ലോട്ടറിക്കാർ നടത്തുന്നുണ്ടെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ പറയുന്നത്. നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് അന്യസംസ്ഥാന ലോട്ടറികൾ ഇവിടെ വിൽക്കുന്നത്. അന്യസംസ്ഥാന ലോട്ടറി നിരോധനക്കേസ് വാദിക്കാൻ ഹൈക്കോടതിയിൽ ഹാജരായ ഗവൺമെന്റ് പ്ലീഡർ വാദിഭാഗം വക്കീലായി മാറുകയാണുണ്ടായത്. ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത മീറ്റിംഗിൽ യാതൊരു തീരുമാനവുമെടുത്തില്ല. രണ്ട് പുതിയ ലോട്ടറികൾകൂടി തുടങ്ങാൻ അനുമതി കൊടുക്കുകയും പുതിയ നികുതി നിശ്ചയിക്കുകയും ചെയ്തത് നിയമലംഘനമാണ്. ഒരുവർഷം അന്യസംസ്ഥാന ലോട്ടറിക്കാർ കേരളത്തിൽനിന്നും കളക്ട് ചെയ്യുന്നത് 14,600 കോടി രൂപയാണ്. കേരളത്തിന്റെ റവന്യൂ വരുമാനത്തേക്കാൾ കൂടുതൽ പണം ഈ സംസ്ഥാനത്തുനിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുകയാണ്. കോടതിയുടെ വാറണ്ടോടെ അന്യസംസ്ഥാന ലോട്ടറിക്കാർക്കെതിരെ റെയ്ഡ്

നടത്തുകയോ കേസ്സെടുക്കുകയോ ചെയ്യണം. സെയിൽസ് ഔട്ട്ലെറ്റുകളിൽ പോലീസുകാർ പരിശോധനയ്ക്ക് പോകുമ്പോൾ വ്യാജ റസീപ്റ്റുകൾ കാണിച്ച് തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ആറുമാസം കൊണ്ട് 9 കേസ്സുകൾ മാത്രമാണെടുത്തിട്ടുള്ളത്. പ്രൊമോട്ടറുടെ പേരിൽ കേസ്സെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നോട്ടിഫിക്കേഷനും ഡീറ്റെയിൽസും കൊടുക്കാതെയാണ് അന്യസംസ്ഥാന ലോട്ടറി കച്ചവടം നടത്തുന്നത്. വ്യക്തതയില്ലാതെ സിക്കിം ഗവൺമെന്റിനയച്ച കത്ത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാനോ എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ട് സിക്കിം ഗവൺമെന്റിന് അയച്ചുകൊടുക്കാനോ തയ്യാറായിട്ടില്ല. സംസ്ഥാന ഗവൺമെന്റിന് അന്യസംസ്ഥാന ലോട്ടറി നിരോധിക്കാൻ അധികാരമില്ലെന്നാണ് പറയുന്നത്. ഓർഗനൈസിംഗ് സ്റ്റേറ്റല്ലാതെ മറ്റാരും ഇവിടെ ലോട്ടറി കച്ചവടം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ട ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനാണ്. 25 കോടി രൂപയുടെ അഴിമതി അന്യസംസ്ഥാന ലോട്ടറി കച്ചവടത്തിലൂടെ നടന്നിട്ടുണ്ട് എന്നുള്ളത് വ്യക്തമാണ്. ലോട്ടറി മാഫിയകൾക്ക് സഹായകരമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനകാര്യമേഖല സുസ്ഥിരത കൈവരിച്ചിട്ടുണ്ട്. പദ്ധതിയേതര റവന്യൂ ചെലവ് കൂടാൻ പാടില്ലെന്നുള്ള പ്രതിപക്ഷത്തിന്റെ വാദഗതി യുക്തിസഹമല്ല. ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് റവന്യൂ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സേവനമേഖലയിൽനിന്ന് പിൻവാങ്ങുകയോ ക്ഷേമ പദ്ധതികൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നില്ല. ടാക്സ് റവന്യൂവും നോൺ-ടാക്സ് റവന്യൂവും വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന്

സാധിച്ചു. റവന്യൂവരുമാനം വർദ്ധിപ്പിച്ച് ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ചെലവ് ചെയ്യുന്ന സമീപനം സ്വീകരിച്ചതിന്റെ ഫലമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേക്കാൾ റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മൂലധന ചെലവ് വർദ്ധിക്കുമ്പോഴും ധനക്കമ്മി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരിക്കൽപ്പോലും ട്രഷറി പൂട്ടുകയോ ഓവർഡ്രാഫ്റ്റ് എടുക്കേണ്ടി വരുകയോ ചെയ്തിട്ടില്ല. സ്റ്റിമുലസ് പാക്കേജിലും വിഷൻ-2010-ലും പെടുന്ന എല്ലാ വികസനപദ്ധതികളുടേയും വർക്കുകൾ പൂർത്തീകരിക്കുകയും പണം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയുണ്ടായിരുന്ന ക്ഷേമപെൻഷനുകളും കരാറുകാർക്ക് കൊടുക്കാനുള്ള പണവും തൊഴിലില്ലായ്മാവേതനവും ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ചുനിന്ന് തീവ്രവാദ ശക്തികളെ ഒറ്റപ്പെടുത്തണം.

<u>ശ്രീ.രാജാജി മാത്യു തോമസ്</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരി നൽകുന്നത്, കേന്ദ്ര സർക്കാർ 20 ലക്ഷം കുടുംബങ്ങൾക്ക് 3 രൂപ നിരക്കിൽ അരി നൽകാൻ തീരുമാനിച്ചതുകൊണ്ടാണെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമെന്ന പ്രഖ്യാപനം നടത്തിയതല്ലാതെ കേന്ദ്ര സർക്കാർ അതിനാവശ്യമായ നിയമംപോലും പാസ്സാക്കിയിട്ടില്ല. ഭവനരഹിതർക്ക് വീടും ഭൂമിയും നൽകുകയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ന്യായവിലയ്ക്ക് ഔഷധങ്ങൾ ലഭ്യമാക്കുകയും ചെയ്തു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുകയും സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരി

ക്കുകയും ചെയ്തിട്ടുണ്ട്. അഭൂതപൂർവ്വമായ അടിസ്ഥാനസൗകര്യ വികസന മാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇൻഡ്യയിലെ മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യവും അരിയും നൽകു മെന്ന് കേന്ദ്ര സർക്കാർ തെരഞ്ഞെടുപ്പുവേളയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിച്ചിട്ടില്ലെന്നുമാത്രമല്ല, ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര കുടുംബങ്ങളുണ്ടെന്ന് തിട്ടപ്പെടുത്താൻപോലും സാധിച്ചിട്ടില്ല. ഭക്ഷ്യസുരക്ഷയ്ക്ക് പണമില്ലാത്ത ഗവൺമെന്റ് കോമൺവെൽത്ത് ഗെയിംസിനുവേണ്ടി 40,000 കോടി രൂപയാണ് ചെലവഴിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ വിവിധയിനം നികുതി ഇളവുകൾ നൽകി വൻകിട മുതലാളിമാരെ സഹായിക്കുന്ന കേന്ദ്ര സർക്കാർ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും 3 രൂപ നിരക്കിൽ 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകുന്നതിന് തയ്യാറാകുന്നില്ല. ദരിദ്രർ കൂടുതൽ ദരിദ്രരാകുന്ന സ്ഥിതിയാണ് രാജ്യത്ത് ഉണ്ടായിക്കൊണ്ടിരി ക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനകമ്മി വർദ്ധിക്കുകയും നികുതി-നികുതിയേതര വരുമാനം കുറയുകയും ചെയ്യുന്നു. ശമ്പളം, പെൻഷൻ, പലിശത്തുക എന്നിവ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചു. വികസനത്തിനുവേണ്ടി നീക്കിവച്ച തുകപോലും കാര്യക്ഷമമായി വിനിയോഗിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. വ്യാവസായികമേഖല മുരടിച്ചു. സംസ്ഥാന ലോട്ടറി വിറ്റുവരവിൽ 500 കോടി

രൂപ മാത്രമാണ് ലഭിക്കുന്നത്. അന്യസംസ്ഥാന ലോട്ടറി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. വീട്ടുകരം, കുടിവെള്ള ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവ ക്രമാതീതമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിഞ്ഞില്ല. ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനയിലോ ഇല്ലാത്ത 2386 കോടി രൂപ വിവിധ ഇനങ്ങളിലായി ചെലവഴിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് വ്യാവസായികരംഗത്ത് നിക്ഷേപകർ മുതൽമുടക്കാൻ മടിക്കുന്ന സാഹചര്യമാണുള്ളത്. തീവ്രവാദത്തെ പരിപോഷിപ്പിക്കുന്ന വിധത്തിലുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. വി. ശശികുമാർ </u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി തകർച്ചയുടെ വക്കിലായിരുന്ന സംസ്ഥാനത്തെ പുനരുജ്ജീവിപ്പിച്ചു. ട്രഷറി ബാൻ ഇല്ലാതാക്കാൻ കഴിഞ്ഞു. സംസ്ഥാനത്ത് 5000 കോടി രൂപയുടെ വികസന പ്രവൃത്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ നൽകുകയും കുടിശ്ശികകൾ കൊടുത്തു തീർക്കുകയും ചെയ്തു. കേരളത്തിലെ മൂലധനനിക്ഷേപം 682 കോടി രൂപയിൽനിന്ന് 4,145 കോടി രൂപയായി വർദ്ധിച്ചു. പുതിയ നികുതിഭാരം അടി ച്ചേൽപ്പിക്കാതെ നികുതിപിരിവ് കാര്യക്ഷമമാക്കി നികുതിവരുമാനം വർദ്ധി പ്പിച്ച് ചെലവുകൾ നിർവ്വഹിക്കുന്ന രീതി കൊണ്ടുവന്നു. പൂട്ടിക്കിടന്നിരുന്ന പുനലൂർ പേപ്പർമിൽസ് തുറന്നുപ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. വികസന രംഗത്ത് വലിയ തോതിലുള്ള നിക്ഷേപമുണ്ടാക്കാൻ കഴിഞ്ഞു. കൂടുതൽ വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതി നടപ്പിലാക്കി. പെരിന്തൽമണ്ണയിലെ ഒരു പഞ്ചായത്തിൽ ഭൂമിയും വീടും വൈദ്യുതിയും വെള്ളവും ലഭ്യമാ

ക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടു. പെട്രോളിയം ഉൽപന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം സമ്പൂർണ്ണമായി ഉടമകൾക്ക് വിട്ടുകൊടുക്കുകയും പൊതുവിതരണരംഗം പാടേ തകർക്കുകയും ചെയ്ത സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ചും വിലക്കയറ്റവും ഭക്ഷ്യപ്രതിസന്ധിയും രൂക്ഷമാക്കുകയും ചെയ്ത കേന്ദ്രവിരുദ്ധ നടപടികൾക്കെതിരായി തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായി സെപ്റ്റംബർ 7-ാം തീയതി ദേശീയ ഹർത്താലിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. അങ്ങാടിപ്പുറത്തെ മേൽപ്പാലത്തിന് എന്ന് എ.എസ്. നൽകുമെന്നും ഏത് ഏജൻസിയെക്കൊണ്ട് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കണം. കെ.എസ്.റ്റി.പി.യുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട പെരിമ്പിലാവ് റോഡ് എത്രയുംപെട്ടെന്ന് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ നാനാഭാഗങ്ങളിലായി നിരവധി പദ്ധതികളുടെ പണി പൂർത്തിയാക്കുകയും കെൽ-ന്റെ നേതൃത്വത്തിൽ അരീക്കോട് പാലത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയുമാണ്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മാനത്തുമംഗലത്ത് ബൈപ്പാസിന് സ്ഥലം വിട്ടുനൽകിയവർക്ക് നൽകുന്നതിനായി ആറ് കോടി മുപ്പത് ലക്ഷം രൂപ സർക്കാർ അനുവദിച്ചു. അലിഗഡ് മുസ്ലീം സർവ്വകലാശാലയ്ക്ക് സ്ഥലമെടുക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പതിനഞ്ചര കോടി രൂപ അനുവദിക്കുകയും രണ്ടാം ഘട്ടം ഭൂമി ഏറ്റെടുക്കാൻ 27 കോടി രൂപയുടെ അനുമതി ഉടനടി നൽകുന്നതുമാണ്. സംസ്ഥാന സർക്കാർ പരസ്യം നൽകുന്നതിനായി വൻതുക ചെലവഴിക്കുന്നുയെന്ന് ആക്ഷേപിക്കുന്നവർ കേന്ദ്രസർക്കാർ ദൃശ്യമാധ്യമങ്ങളിലൂടെ പണം ചെലവാക്കി പരസ്യങ്ങൾ

നൽകുന്നതിനെ വിമർശിക്കാത്തത് ശരിയായ നടപടിയല്ല. രാഷ്ട്രീയമായും ഭരണപരമായും തീവ്രവാദത്തെ ഒറ്റപ്പെടുത്താൻ എല്ലാ വിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി നിൽക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ധനവിനിയോഗബില്ലിനെ എതിർക്കുന്നു. പദ്ധതിച്ചെലവുകൾ വെട്ടിക്കുറയ്ക്കുകയും നിയമസഭ പാസ്സാക്കിക്കൊടുക്കുന്ന തുക ചെലവഴിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ട്രഷറി ബാലൻസ് മിച്ചമാകുന്നത് മികച്ച ധനകാര്യ മാനേജുമെന്റിന്റെ ഫലമായാണ് എന്നുള്ളത് പൊള്ളയായ വാദമാണ്. ഭീമമായ തോതിൽ കടം വാങ്ങുന്ന സർക്കാർ അത് ചെലവാക്കാതെയും പദ്ധതി അടങ്കൽ വെട്ടിക്കുറച്ചും ക്ഷേമ ചെലവുകളിൽ കുടിശ്ശിക വരുത്തിയും ട്രഷറിയിൽ സ്ഥിരമായി നിക്ഷേപിച്ചുമാണ് പണം മിച്ചം വരുത്തുന്നത്. പദ്ധതിച്ചെലവ് 80 ശതമാനത്തിൽ താഴെയാണ്. സഭ പാസ്സാക്കിയ ബഡ്ജറ്റിലെ അപ്രോപ്രിയേഷൻ അക്കൗണ്ടിലെ 11,915 കോടി രൂപ മൂന്നുകൊല്ലമായി ചെലവാക്കിയിട്ടില്ല. വലിയ പലിശയ്ക്ക് കടമെടുത്ത് ട്രഷറിയിൽ മിച്ചമുണ്ടാക്കുന്ന ധനകാര്യ മാനേജുമെന്റ് ശരിയല്ലെന്ന് പറയുകയും സർക്കാർ അതിന് അനുകൂലമായി പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്. കർഷക കടാശ്വാസത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് 73,000 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് നാലുകൊല്ലം കൊണ്ട് ഈ ഗവൺമെന്റ് 38 കോടി രൂപയാണ് ചെലവഴിച്ചത്. കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നില്ല. കടാശ്വാസ കമ്മീഷൻ ഗവൺമെന്റിനോട് 25 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ അനുവദിച്ചത് 10 കോടി രൂപയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് മൂന്ന് രൂപ വച്ച് 25

കിലോ അരിയും ഗോതമ്പും കൊടുത്തു. എന്നാൽ ഈ ഗവൺമെന്റ് രണ്ട് രൂപ വച്ച് എത്ര കിലോ അരി കൊടുക്കുമെന്ന് വ്യക്തമായി പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യസബ്സിഡിക്കുവേണ്ടി 65,000 കോടി രൂപ മാറ്റിവച്ചതും എ.പി.എൽ കാർഡ് ഉടമകൾക്ക് 25 കിലോ അരി 8.90 പൈസയ്ക്കുതന്നെ കൊടുക്കാൻ തീരുമാനിച്ചതും സന്തോഷകരമായ കാര്യമാണ്. കേന്ദ്ര പദ്ധതികൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 49,831.98 കോടി രൂപ അനുവദിച്ചു. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കൊടുത്ത വകയിൽ കേരളത്തിന് 23-ാമത്തെ സ്ഥാനവും അസറ്റ് ക്രിയേഷന് 30-ാമത്തെ സ്ഥാനവുമാണുള്ളത്. കെ.എസ്.ടി.പി പദ്ധതിയിൽ 120 കോടി രൂപ നഷ്ടം വന്നിരിക്കുകയാണ്. കെ.എസ്.ടി.പി പദ്ധതിക്ക് ഒരുരൂപ പോലും അധിക ചെലവ് വരാതെ എക്സ്റ്റൻഷൻ കൊടുത്തത് യു.ഡി.എഫ് ഗവൺമെന്റാണ്. കെ.എസ്.ടി.പി.-ക്ക് 18 കോടി രൂപയുടെ അരിയേഴ്സ് മാത്രമാണ് കൊടുക്കാനുണ്ടായിരുന്നത്. തലസ്ഥാന നഗരവികസന പദ്ധതി റീ-ടെണ്ടർ ചെയ്തതുവഴി സംസ്ഥാത്തിന് 80 കോടി രൂപയുടെ അധികബാദ്ധ്യത വരുത്തി. കെ.എസ്.ടി.പി പദ്ധതിയിലും തലസ്ഥാന നഗരവികസന പദ്ധതിയിലുമായി 200 കോടി രൂപയാണ് നഷ്ടം വരുത്തിയിരിക്കുന്നത്. കെ.എസ്.ടി.പി പദ്ധതിയെ സംബന്ധിച്ചും തലസ്ഥാന നഗരവികസന പദ്ധതിയെ സംബന്ധിച്ചും സമഗ്രമായ അന്വേഷണം നടത്തണം. 6035 സൂപ്പർന്യൂമറി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുവെന്ന് നിയമസഭയിൽ മറുപടി

പറഞ്ഞിട്ട്  പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 3321 വേക്കൻസിയും അഡ്വൈസ് മെമ്മോ അയച്ചത് 2468 പേർക്കുമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമനം നടത്താതെ ഒരു തസ്തികപോലും ഒഴിച്ചിട്ടിരുന്നില്ല. ഈ ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നില്ല. ലോട്ടറി മാഫിയയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സർക്കാർ വ്യക്തമാക്കണം. ഒരു വർഷം 14,000 കോടി രൂപ ജനങ്ങളിൽനിന്നും തട്ടിയെടുക്കുന്ന ലോട്ടറി മാഫിയയെ നിയന്ത്രിക്കാൻ കഴിയണം. നിയമസഭാസമിതിയുടെ അന്വേഷണമോ ജുഡീഷ്യൽ അന്വേഷണമോ നടത്തി ഇതുസംബന്ധിച്ച സത്യാവസ്ഥ പുറത്തു കൊണ്ടുവരണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലുവർഷം കഴിഞ്ഞിട്ടും ലോട്ടറിയുടെ നികുതി കുടിശ്ശിക ഇനത്തിൽ ഒരു പൈസപോലും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. തീവ്രവാദ പ്രവർത്തനത്തിനെതിരെ സ്വീകരിക്കുന്ന ശക്തമായ നടപടികളെ പ്രതിപക്ഷം പിന്തുണക്കും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ്ഐസക്): ലോട്ടറിമാഫിയ-യ്ക്കെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും പുതിയ ലോട്ടറി രജിസ്ട്രേഷന്റെ പേരിൽ ടാക്സ് വാങ്ങിച്ച പാലക്കാട് എ.സി.യെ സസ്പെൻഡ് ചെയ്തു. ലോട്ടറി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ എടുത്ത തീരുമാനത്തിനെതിരെ ലോട്ടറി സംഘം ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും  സർക്കാരിന് അനുകൂലമായ വിധിയാണ് ഉണ്ടായത്. കേസ് ഡിവിഷൻ ബഞ്ചിന്റെ പരിഗണനയ്ക്ക് എത്തിയപ്പോൾ സംസ്ഥാന സർക്കാരിന് ലോട്ടറി നിരോധിക്കാൻ അധികാരമില്ലെ

ന്നുള്ള സോളിസിറ്റർ ജനറലിന്റെ വാദം കോടതി അംഗീകരിച്ചു. സോളിസിറ്റർ ജനറലിന്റെ വാദം കേസ്സിന്റെ ഗതി തിരിച്ചുവിടുകയാണ് ചെയ്തത്. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ പോകുകയും കേന്ദ്ര സർക്കാരിന്റെ നിലപാട് മാറ്റുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട് ശരിയല്ലെന്ന് സംസ്ഥാന ഗവൺമെന്റ് അറിയിക്കുകയും അന്യസംസ്ഥാന ലോട്ടറികൾ നിയമലംഘനം നടത്തുന്നു എന്ന മെമ്മോറാണ്ടം കേന്ദ്രസർക്കാരിന് കൊടുക്കുകയും ചെയ്തു. കോടതിയിൽ കേന്ദ്ര സർക്കാർ എടുത്ത നിലപാട് ഇതിന് കടകവിരുദ്ധമാണ്. കേന്ദ്രത്തിന് അധികാരം കൊടുത്തുകൊണ്ടാണ് സുപ്രീംകോടതി വിധി പ്രസ്താവിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചപ്പോൾ ലോട്ടറി റെഗുലേഷൻ ആക്റ്റിനുള്ള പുതിയ റൂൾസ് ഇറക്കിക്കഴിഞ്ഞതായിട്ടാണ് മറുപടി ലഭിച്ചത്. അവസാന മൂന്നക്ക സംഖ്യയ്ക്ക് സമ്മാനം കൊടുക്കുന്നത് ലോട്ടറി ചട്ടത്തിന് വിരുദ്ധമാണെന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നും കേന്ദ്രത്തെ സംസ്ഥാന സർക്കാർ അറിയിച്ചു. പുതിയ ലോട്ടറി ചട്ടം അനുശാസിക്കുന്നത് വയലേഷൻ കണ്ടാൽ കേന്ദ്രത്തെയും ബന്ധപ്പെട്ട ഓർഗനൈസിംഗ് സ്റ്റേറ്റിനെയും അറിയിക്കണമെന്നാണ്. ഓർഗനൈസിംഗ് സ്റ്റേറ്റ് അത് തിരുത്തുന്നില്ലെങ്കിൽ കേന്ദ്രത്തിന് അത് പരിശോധിക്കാനുള്ള അധികാരമുണ്ട്. പുതിയ ചട്ടപ്രകാരം ഒരു ദിവസം 24 ഡ്രോ വരെ നടത്താൻ ലോട്ടറി മാഫിയയ്ക്ക് അധികാരം കൊടുക്കുകയും സംസ്ഥാന സർക്കാരിന് പണം വാങ്ങാൻ അധികാരമില്ലെന്ന് കോടതിയിൽ വാദിക്കുകയുമാണ് കേന്ദ്രം ചെയ്തത്. കേസുകൾ

വാദിക്കുന്നതിൽ ഗവൺമെന്റ് പ്ലീഡറെ തെരഞ്ഞെടുക്കുന്നത് ധനകാര്യവകുപ്പ് അല്ല. ഒരു ലോട്ടറിയിൽ ഒരു ദിവസം 4 ഡ്രോയിൽ കൂടുതൽ അനുവദിക്കാൻ പാടില്ലെന്നും ആക്ടിനു വിരുദ്ധമായിട്ടാണ് പുതിയ റൂൾ ഉണ്ടാക്കിയിരിക്കുന്നതെന്നുമാണ് സംസ്ഥാന സർക്കാർ വാദിച്ചത്. ലോട്ടറി മാഫിയയ്ക്ക് ഇഷ്ടംപോലെ ലോട്ടറി നടത്താനുള്ള അനുവാദം കൊടുക്കുകയും അവർ നിയമം ലംഘിച്ചാൽ അതിൽ സംസ്ഥാന സർക്കാർ ഇടപെടാൻ പാടില്ലെന്ന് കേന്ദ്രസർക്കാർ ചട്ടമുണ്ടാക്കിയിരിക്കുകയുമാണ്. അന്യസംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട് 5000 കോടി രൂപയുടെ ടാക്സ് അരിയേഴ്സ് കേസിൽ ഓരോ കേസിലും സർക്കാർ പരാജയപ്പെട്ടത് അന്യസംസ്ഥാന ലോട്ടറികളിൽ നിന്ന് ടാക്സ് ഈടാക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ഇത്തരത്തിലൊരു വിധിയുണ്ടായിട്ടും ടാക്സ് അരിയേഴ്സുമായി ബന്ധപ്പെട്ട കേസുകൾക്കായി സർക്കാർ വീണ്ടും കോടതിയിൽ വാദിക്കുകയാണ് ചെയ്തത്. പ്രസ്തുത കേസുകളാണ് സർക്കാർ തോറ്റതായി പറയപ്പെടുന്ന 32 കേസുകൾ. അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര അന്വേഷണം വേണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കുന്നില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

മെഗാ ഡിസ്ട്രിബ്യൂട്ടേഴ്സിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്കിൽ നിന്നും വേയ്സ് ആന്റ് മീൻസ് ഇനത്തിൽ കഴിഞ്ഞ വർഷം 8850 കോടി രൂപ എടുക്കാൻ അനുവദിക്കപ്പെട്ടിരുന്നെങ്കിലും ധനസ്ഥിതി മെച്ചപ്പെട്ടതിനെത്തുടർന്ന് 4920 കോടി രൂപ

മാത്രമേ ആവശ്യമായി വന്നിരുന്നുള്ളൂ. തന്മൂലം സഭ അനുവദിച്ച തുക മുഴുവനും ചെലവ് ചെയ്യേണ്ടി വന്നില്ല. ബാക്കി 2730 കോടി രൂപയിൽ അധികവും നോൺ-പ്ലാൻ എക്സ്പെന്റിച്ചർ ഇനത്തിൽ ചെലവാകാതെ വന്ന തുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിലും അനുവദിക്കപ്പെട്ട വേയ്സ് ആന്റ് മീൻസ് ഇനത്തിൽ കഴിഞ്ഞ വർഷത്തെയത്രപോലും തുക ചെലവാകാൻ സാധ്യതയില്ല. സംസ്ഥാനം ഇതുവരെ ഒരു ദിവസം പോലും വേയ്സ് ആന്റ് മീൻസ് ഡെഫിസിറ്റിലേയ്ക്ക് പോയിട്ടില്ല. വർഷത്തിൽ ഇത്ര മാസം എന്ന് കണക്കാക്കിയല്ല ശമ്പളത്തിനായി തുക വകയിരുത്തുന്നത്. അതുകൊണ്ട് 2010 മാർച്ചിൽ രണ്ട് ശമ്പളം കൊടുത്തതിൽ അപാകതയൊന്നുമില്ല; എക്സസ് എക്സ്പെന്റിച്ചർ വന്നാൽ സഭയിൽ കൊണ്ടുവന്ന് റഗുലറൈസ് ചെയ്യാവുന്നതേയുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് നോൺ-പ്ലാൻ എക്സ്പെന്റിച്ചറിൽ വരുന്നതിനാലാണ് മൊത്തം ചെലവിൽ പ്ലാൻ എക്സ്പെന്റിച്ചർ കുറഞ്ഞിട്ടുള്ളത്. അതേസമയം ഡെവലപ്മെന്റ് എക്സ്പെന്റിച്ചറിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് എ. ജി. യുടെ റിപ്പോർട്ടിൽ പറയുന്നത്. ഡെവലപ്മെന്റ് എക്സ്പെന്റിച്ചറിലെ പ്രധാനപ്പെട്ട ഘടകം സബ്സിഡിയാണ്. കഴിഞ്ഞ സർക്കാർ സബ്സിഡി ഇനത്തിൽ നീക്കിവച്ചത് വെറും 24 കോടി രൂപ മാത്രമാണ്. എന്നാൽ ഈ സർക്കാർ സബ്സിഡി ഇനത്തിലുള്ള ചെലവ് ഈ വർഷം 600 മുതൽ 700 കോടി രൂപ വരെയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന ആഭ്യന്തര വരുമാനത്തേക്കാൾ റവന്യൂ വരുമാനം വർദ്ധിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 23,919 കോടി രൂപയായിരുന്ന കടം 45,929 കോടി രൂപയായി വർദ്ധിച്ചുവെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് 49,000 കോടി

രൂപയിൽനിന്നും 70,000 കോടി രൂപയായിട്ടേ കൂടിയിട്ടുള്ളൂ. യു.ഡി.എഫ്. ഭരണം നടന്ന കാലഘട്ടത്തിൽ കടത്തിന്റെ വർദ്ധനവിന്റെ തോത് 41 ശതമാനമായിരുന്നെങ്കിൽ ഈ ഗവൺമെന്റ് അത് 32 ശതമാനമായി കുറച്ചിരിക്കുകയാണ്. കെ.എസ്.ടി.പി.യുടെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം സംബന്ധിച്ച രേഖകൾ 28-7-2010-ന് സഭയിൽ ഹാജരാക്കുന്നതാണ്. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ വൈകുന്നേരം 3.20-ന് പിരിഞ്ഞു).